മാധ്യമം
2018 ഫെബ്രുവരി 24 ● ശനി

# തഞ്ചാവൂർ വാട്ടരോഗം; തെങ്ങ് കർഷകർ ദുരിതത്തിൽ

Madhyamam
24/2/18

● മടിക്കൈ പഞ്ചായത്തിലാണ് രോഗം സ്ഥിരീകരിച്ചത്





*കാഞ്ഞിരപ്പൊയിലിലെ കൃഷിത്തോട്ടത്തിൽ തഞ്ചാവൂർ വാട്ടം ബാധിച്ച തെങ്ങ് കൃഷിശാസ്ത്രജ്ഞർ പരിശോധിക്കുന്നു*

**കാഞ്ഞങ്ങാട്:** തെങ്ങിനെ ബാധിക്കുന്ന തഞ്ചാവൂർ വാട്ടരോഗം വ്യാപകമാകുന്നു. മടിക്കൈ പഞ്ചായത്തിലാണ് രോഗം സ്ഥിരീകരിച്ചത്. തെങ്ങിൻെറ താഴത്തെ നിരകളിലുള്ള ഓലകൾ നിറംമങ്ങി പെട്ടെന്ന് വാടാൻ തുടങ്ങുന്നതാണ് പ്രകടമായ ആദ്യത്തെ രോഗലക്ഷണം. ഇത്തരം തെങ്ങുകളുടെ വേരുകൾ ചീഞ്ഞുനശിച്ചിരിക്കുന്നതും കാണാം. പിന്നീട് ഓലകളെല്ലാം ഉണങ്ങി മണ്ട മറിഞ്ഞുപോകുന്നതോടെ നശീകരണപ്രക്രിയ പൂർത്തിയാകും. ഓലകൾ വാടുന്നതോടൊപ്പം വ്യാപകമായി തേങ്ങയും പൊഴിയും. രോഗബാധയുടെ അവസാനഘട്ടത്തിൽ ചില തെങ്ങുകളിൽ കുമിളിൻെറ കൂണുപോലെ ഉറച്ച ഭാഗങ്ങൾ വളരുന്നത് കാണാം. ഗാനോഡെർമ ലൂസിഡം, ഗാനോഡെർമ അപ്ലനേറ്റ എന്നീ ശാസ്ത്രനാമങ്ങളിലുള്ള കുമിളുകളാണ് രോഗത്തിനു കാരണമാകുന്നത്. കഴിഞ്ഞദിവസം മടിക്കൈ പഞ്ചായത്തിലെ കേരഗ്രാമം പദ്ധതി പരിപാടിയിൽ പങ്കെടുക്കാനെത്തിയ സി.പി.സി.ആർ.ഐയിലെ സസ്യസംരക്ഷണ വിഭാഗം തലവൻ വിനായക് ഹെഗ്ഡെ ഉൾപ്പെടെയുള്ള വിദഗ്ധർ കാഞ്ഞിരപ്പൊയിലിലെ കർഷകൻ എ. രാജൻെറ തെങ്ങിൻതോട്ടത്തിൽ നടത്തിയ പരിശോധനയിലാണ് രോഗലക്ഷണം കണ്ടെത്തിയത്. രോഗം ബാധിച്ച് പൂർണമായും നശിച്ച തെങ്ങുകൾ വേരോടെ പിഴുത് നശിപ്പിക്കണം. രോഗം ബാധിച്ച തെങ്ങിന് ചുറ്റും 60 സെ.മീ. ആഴത്തിലും 30 സെ.മീ. വീതിയിലും കിടങ്ങ് കുഴിച്ച് മറ്റു തെങ്ങുകളിലേക്ക് രോഗം പടരുന്നത് തടയുക, തെങ്ങിന് നിർദേശിച്ച അളവിൽ ജൈവവളങ്ങളും രാസവളങ്ങളും ചേർത്തുനൽകി ആരോഗ്യം മെച്ചപ്പെടുത്തുക തുടങ്ങിയവയാണ് നിയന്ത്രണരീതികൾ.